# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6014

## 02-04-2018 ൽ മറുപടിക്ക്

## കായംകുളം മുട്ടേൽ പാലത്തിന്റെ നിർമ്മാണം

| ചോദ്യം<br>ശ്രീമതി. യു. പ്രതിഭ ഹരി | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| കായംകുളം മുട്ടേൽ പാലത്തിന്റെ നിർമ്മാണത്തിനായി എത്രകോടിരൂപയാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; ഇതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ? | 2017-18 വർഷത്തെ ബഡ്ജറ്റിൽ 15 കോടി രൂപ അടങ്കൽ തുക വകയിരുത്തി മുട്ടേൽ പാലം പദ്ധതി പ്രഖ്യാപിച്ചിട്ടുണ്ട്. 10-07-2017 ലെ സർക്കാർ ഉത്തരവ് സ.ഉ (സാധാ) 942/ 2017 / പൊ .മ.വ പ്രകാരം മുട്ടേൽ പാലത്തിന് പൊതുമരാമത്ത് വകുപ്പ് 15 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ട്. ടി. ഉത്തരവ് പ്രകാരം കേരള റോഡ് ഫണ്ട് ബോർഡിനെ മുട്ടേൽ പാലം പദ്ധതിയുടെ സ്പെഷ്യൽ പർപ്പസ് വെഹിക്കിളായി(SPV) ചുമതലപെടുത്തിയിരുന്നു.<br>മുട്ടേൽ പാലം പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കേണ്ട ചുമതല സ്പെഷ്യൽ പർപ്പസ് വെഹിക്കിളായ കേരള റോഡ് ഫണ്ട് ബോർഡിനാണ്. മുട്ടേൽ പാലത്തിന്റെ വിശദമായ പദ്ധതി റിപ്പോർട്ട് നാളിതുവരെ കിഫ്ബിയിൽ സമർപ്പിച്ചിട്ടില്ല. ആയത് സമർപ്പിക്കുന്ന മുറക്ക് പരിശോധിച്ച് ന്യൂനതകൾ ഇല്ലാത്ത പക്ഷം കിഫ്ബി അംഗീകാരം നൽകുന്നതാണ് . |

സെക്ഷൻ ഓഫീസർ